L.A.B On 20.07.2015 J.T

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1765
(06.07.2015 ലെ മറുപടിക്ക്)

## നവരത്നപദ്ധതികൾക്കായി പിൻവലിച്ച തുക

**ചോദ്യം**
**ശ്രീമതി.കെ.കെ.ലതിക**

**ഉത്തരം**
**ശ്രീ.ഉമ്മൻചാണ്ടി**
**(ബഹു.മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | നവരത്നപദ്ധതികൾക്കായി (കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, ദേശീയജലപാത, തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ , സബ്അർബൺ റെയിൽവേ ദേശീയ പാത വികസനം, യുവജന സംരംഭകത്വം) ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ഓരോ പദ്ധതിക്കും വേണ്ടി എന്തെല്ലാം സംഗതികൾ നിർവ്വഹിക്കപ്പെടുകയുണ്ടായിരുന്നു; | അനുബന്ധം I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ നാല് ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന തുക എത്രവീതം; യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട തുക എത്ര; വിശദമാക്കാമോ? | അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം-I

### 1. കൊച്ചി മെട്രോ

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 928.25 കോടി രൂപ പിൻവലിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് 5 തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി 158.68 കോടി രൂപയുടെ ഭരണാനുമതി 2010 മാർച്ചിൽ നൽകിയിരുന്നു.

### 2. വിഴിഞ്ഞം ഹാർബർ

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 521.53 കോടി രൂപ പിൻവലിച്ചു. മുൻസർക്കാരിന്റെ കാലത്ത് വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കുവേണ്ടി International Finance Corporation-നെ പദ്ധതിയുടെ consultant ആയി 2009 ഡിസംബറിൽ നിയോഗിച്ചു. ടി പദ്ധതി land lord മോഡൽ പ്രകാരം നടപ്പിലാക്കുവാൻ തീരുമാനിച്ചു. IFC യുടെ നിർദ്ദേശാനുസൃതം 2010 നവംബർ 25-ാം തീയതി ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചു. 2010 ആഗസ്റ്റ് മാസം പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ഈ പദ്ധതിക്കാവശ്യമായ 34.55 ഏക്കർ ഭൂമി ഏറ്റെടുത്തു. പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള ആദ്യഘട്ട തുക 2011 ഏപ്രിൽ മാസത്തിൽ മുൻസർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകി.

### 3. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 338.34 കോടി രൂപ പിൻവലിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് 1997-ൽ വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള നടപടിയ്ക്ക് തുടക്കം കുറിയ്ക്കുകയും 1998-ൽ പ്രസ്തുത പദ്ധതിയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകുകയും, 2000 ത്തോട് കൂടി പദ്ധതിയ്ക്കായി 192.18 ഏക്കർ ഭൂമി ഏറ്റെടുക്കുകയും, 2008-ൽ കേന്ദ്രഗവൺമെന്റ് ഈ പദ്ധതിയ്ക്ക് അനുമതി നൽകുകയും, 2009-ൽ കിൻഫ്രയെ നോഡൽ ഏജൻസിയായി നിയോഗിച്ചുകൊണ്ട് രണ്ടാം ഘട്ട സ്ഥലമെടുപ്പ് ആരംഭിക്കുകയും, 2009-ൽ മൂന്നാംഘട്ട സ്ഥലമെടുപ്പിന് വേണ്ടിയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും, 17.10.2010-ൽ കണ്ണൂർ വിമാനത്താവളത്തിന്റെ തറക്കല്ലിടൽ നിർവ്വഹിക്കപ്പെടുകയും ചെയ്തു.

### 4. ദേശീയ ജലപാത

കൊല്ലം, കോട്ടപ്പുറം (NW3) ജലപാതയുടെ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ IWAI ആണ് .

## 5. തിരുവനന്തപുരം കോഴിക്കോട് മോണോറെയിൽ പദ്ധതി

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 28 കോടി രൂപ പിൻവലിച്ചു. ടി പദ്ധതി 09.10.2012-ലെ സ.ഉ (കൈ) നം. 72/2012/പൊ.മ.വ ഉത്തരവ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് രൂപീകൃതമായത്.

## 6. സബർബൻ റെയിൽവേ

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 10.12 കോടി രൂപ പിൻവലിച്ചു. സബർബൻ റെയിൽവേ പ്രോജക്റ്റിന് തുടക്കം കുറിച്ചത് ഈ സർക്കാരിന്റെ കാലത്താണ്.

## 7. ദേശീയ പാതാ വികസനം

ഈ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും തുകയൊന്നും പിൻവലിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ NH17 (421 Km), NH 47 (408 Km) എന്നിവ ദേശീയതലത്തിലേതുപോലെ 60 മീറ്റർ വീതിയിൽ സ്ഥലമെടുത്തുകൊണ്ട് ദേശീയപാത വികസിപ്പിക്കുന്നതിന് പകരം, കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, 45 മീറ്റർ വീതിയിൽ 4 വരി പാതയാക്കി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ വികസിപ്പിക്കുവാനാണ് ദേശീയപാതാ അതോറിറ്റി പദ്ധതിയിട്ടിരുന്നത്. ഇതിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ലെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടിന്റെ അടിസ്ഥാനത്തിൽ, മുൻമുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ (17.08.2010) കൂടിയ സർവ്വകക്ഷിയോഗത്തിൽ, ടി ദേശീയപാതകൾ 45 മീറ്റർ വികസിപ്പിക്കുവാനും ആയതിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതു കാരണം ഭൂമിയും കിടപ്പാടവും വാണിജ്യസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക്, പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയും, 21.08.2010-ലെ സ.ഉ (സാധാ) നം. 1354/2010/പൊ.മ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ പുനരധിവാസ പാക്കേജ് കേന്ദ്രസർക്കാർ അതേപടി അംഗീകരിച്ചില്ല. 1956-ലെ ദേശീയപാതാ ആക്റ്റിലെ സെക്ഷൻ 3 ജി പ്രകാരം ഭൂഉടമകൾക്കും കെട്ടിട ഉടമകൾക്കും നഷ്ടപരിഹാരം നൽകുവാൻ മാത്രമേ കഴിയുകയുള്ളൂവെന്നും സംസ്ഥാന സർക്കാർ നിയമിക്കുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് സംസ്ഥാനത്ത് ബാധകമായതും കേന്ദ്രസർക്കാരിന് സ്വീകാര്യമായതുമായ നഷ്ടപരിഹാരതുക നിശ്ചയിക്കാവുന്നതാണെന്നും കേന്ദ്രസർക്കാർ സ്പെഷ്യൽ പാക്കേജ് അംഗീകരിക്കാത്ത സാഹചര്യത്തിൽ ദേശീയപാത 17, 47 എന്നിവയ്ക്കുള്ള ലാന്റ് അക്വിസിഷൻ നടപടികൾ നിറുത്തി വയ്ക്കാൻ 09.11.2010-ൽ മുൻഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ദേശീയപാത റൂൾ/ആക്റ്റ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധികാരി സംസ്ഥാനത്തിന്റെ ഒരു

ഉദ്യോഗസ്ഥൻ ആയിരിക്കുമെന്നതിനാൽ, സംസ്ഥാന സർക്കാർ അനുവർത്തിച്ചുവരുന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കണം നഷ്ടപരിഹാരതുക കണക്കാക്കേണ്ടതെന്ന് 10.11.2010 ൽ കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി അന്നത്തെ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

## 8. സ്മാർട്ട് സിറ്റി

ഈ സർക്കാരിന്റെ കാലത്ത് ട്രഷറിയിൽ നിന്നും 17.51 കോടി രൂപ പിൻവലിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപായി 13.05.2007 ൽ കേരള സർക്കാരും TECOM Investments എന്ന കമ്പനിയുമായി സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് Frame work agreement ഒപ്പുവച്ചു. തുടർന്ന് 20.02.2011-ൽ ഇരുകക്ഷികളും പാട്ടക്കരാർ (Lease Deed) അംഗീകരിച്ചു. 01.03.2011-ൽ സ്മാർട്ട്സിറ്റിക്കായി സർക്കാർ ഏറ്റെടുത്ത 53.1809 ഹെക്ടർ ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവി ലഭിച്ചു.

## 9. യൂത്ത് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

നവരത്ന പദ്ധതിയിലെ യുവജന സംരംഭകത്വം എന്ന പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാന സർക്കാരിൽ നിന്നും IT വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ടപ് മിഷന് സാമ്പത്തിക സഹായം ലഭിച്ചത്. വ്യവസായ വകുപ്പിൽ 2011-12 സാമ്പത്തിക വർഷത്തിലാണ് SESEUY (Self Employment for Educated Unemployed Youth) എന്ന പദ്ധതി ആരംഭിച്ചത്. ഈ രണ്ടു പദ്ധതികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ആരംഭിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് യുവജനസംരംഭകത്വ വികസനത്തിനായി ബജറ്റ് വിഹിതം അനുവദിച്ചിരുന്നില്ല. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനം കേന്ദ്ര സഹായമായി ലഭിച്ച തുക വിനിയോഗിച്ച് നിർവ്വഹിച്ചിരുന്നു.

(signature)

ആര്യാടൻ മുഹമ്മദ്

## അനുബന്ധം-II

### നവരത്നപദ്ധതികൾക്കായി കഴിഞ്ഞ നാല് ബജറ്റുകളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക

രൂപ കോടിയിൽ

| | | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | പദ്ധതി | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| 1 | കൊച്ചി മെട്രോ | 78.00 | 53.00 | 433.25 | 394.25 | 234.01 | 234.00 | 328.71 | 247.00 |
| 2 | വിഴിഞ്ഞം തുറമുഖം | 197.85 | 197.85 | 223.68 | 223.68 | 100.00 | 100.00 | 0.01 | -- |
| 3 | കണ്ണൂർ വിമാനത്താവളം | 86.81 | 82.21 | 256.96 | 256.08 | 0.03 | 0.02 | 0.04 | 0.03 |
| 4 | ദേശീയ ജലപാത | 2.56 | 2.73 | 2.77 | 4.62 | 27.30 | 1.16 | 29.82 | 6.12 |
| 5 | തിരുവനന്തപുരം കോഴിക്കോട് മോണോറെയിൽ | -- | -- | -- | -- | 28.01 | 28.00 | 0.01 | 0 |
| 6 | സബർബൻ റെയിൽവേ | -- | -- | -- | -- | 4.39 | 4.39 | 5.73 | 5.73 |
| 7 | ദേശീയ പാത വികസനം | -- | -- | -- | -- | -- | -- | -- | -- |
| 8 | സ്മാർട്ട് സിറ്റി | 10.00 | 5.00 | 12.51 | 12.51 | -- | -- | 1.12 | - |
| 9 | യൂത്ത് എന്റർപ്രണർഷിപ്പ് പ്രോഗ്രാം | | | | | | | 17.95 | 7.6263 |

സെക്ഷൻ ഓഫീസർ